**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 578** **26.04.2017-ൽ മറുപടിയ്ക്ക്**

## വായ്പ കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കാർഷിക വികസനബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത്, തിരിച്ചടവ് കാലയളവിൽ മരണപ്പെട്ട് പോകുന്ന സഹകാരിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളത്; | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ, മരണപ്പെടുകയാണെങ്കിൽ വ്യവസ്ഥക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷംരൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന തുക "കേരള സഹകരണ റിസ്ക്‌ഫണ്ട് പദ്ധതി" പ്രകാരം ടി വായ്പാ കുടിശ്ശികയിൽ നിന്നും ഇളവു ലഭിക്കുന്നതാണ്. |
| (ബി) | വായ്പ കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുള്ളത്; | (ബി) | മേൽപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ എടുക്കുന്നയാൾ നിശ്ചിത റിസ്ക്‌ഫണ്ട് വിഹിതം ബാങ്കിൽ ഒടുക്കിയിരിക്കണം. വായ്പാക്കാരൻ മരിച്ചുകഴിഞ്ഞാൽ അനന്തരവകാശി, മരണ സർട്ടിഫിക്കറ്റ് സഹിതം ബാങ്കിൽ അപേക്ഷ നൽകണം. ബാങ്ക് ഭരണസമിതി തീരുമാന പ്രകാരം ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ ശിപാർശയോടെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. പ്രസ്തുത ബോർഡാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത്. |
| (സി) | കെ.കെ.ശ്രീധരൻ, കൈപ്പനാൽ (വീട്) കുറ്റിയഞ്ചാൽ കുട്ടമ്പുഴ എന്ന വ്യക്തി റിസ്ക് ഫണ്ട് ആനുകൂല്യത്തിനു വേണ്ടി നല്കിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (സി) | ദേവികുളം താലൂക്ക് കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും ശ്രീ. കെ.കെ. ശ്രീധരൻ നാല് വായ്പയെടുത്തിരുന്നു. ശ്രീ. കെ.കെ.ശ്രീധരൻ 09.11.2015-ൽ മരണപ്പെട്ടു. ടിയാൻ എടുത്ത എല്ലാ |

| | | | |
|---|---|---|---|
| | | | വായ്പകളിലും 6 മാസത്തിലധികരിച്ച് കുടിശ്ശികയുള്ളതിനാൽ ബാങ്ക് റിസ്ക്ഫണ്ട് ധനസഹായ അപേക്ഷ ഈ പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അയച്ചിരുന്നില്ല. കേരള സഹകരണ റിസ്ക്ഫണ്ട് നിയമാവലിയിലെ വ്യവസ്ഥയനുസരിച്ച് വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്കു തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്കു തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ശ്രീ. കെ.കെ. ശ്രീധരന്റെ ഭാര്യ 30.11.2016-ൽ സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും ശ്രീ. കെ.കെ.ശ്രീധരന്റെ റിസ്ക്ഫണ്ട് ധനസഹായത്തിനുള്ള നാല് അപേക്ഷകൾ 22.03.2017-ൽ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിച്ചിരുന്നു. ഇപ്രകാരം ലഭിച്ച നാല് അപേക്ഷകളിലും ഉൾപ്പെട്ട വായ്പകളിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക ഉള്ളതിനാൽ റിസ്ക്ഫണ്ട് ധനസഹായം ലഭിക്കുന്നതിന് അർഹതയില്ല. |

സെക്ഷൻ ഓഫീസർ